# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.43 — 06.02.2013-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. റ്റി. വി. രാജേഷ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. സാജു പോൾ

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### പുതിയ സപ്ത തന്ത്രങ്ങൾ

| | | |
|---|---|---|
| എ) | സംസ്ഥാനത്തിൻെറ വികസനത്തിന് ബഡ്ജറ്റിൽ നിർദ്ദേശിച്ച സപ്തതന്ത്രങ്ങൾ നടപ്പിലാക്കുകയുണ്ടായോ; അവ എന്തൊക്കെയായിരുന്നു; | സംസ്ഥാനത്തിൻെറ സമഗ്രവികസനത്തിന് ബഡ്ജറ്റിൽ ആവിഷ്ക്കരിച്ച സപ്ത തന്ത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. അവ താഴെപ്പറയുംപ്രകാരമാണ്.<br>1. സമസ്ത മേഖലകളുടെയും നിലവാര വർദ്ധന<br>2. അടിസ്ഥാന സൗകര്യ വികസനം.<br>3. തൊഴിൽ വൈദഗ്ധ്യ വികസനം.<br>4. സ്വയം സംരംഭകത്വ വികസനം.<br>5. നൂതന സാങ്കേതിക വിദ്യകളുടെ സ്വാംശീകരണം.<br>6. മൂലധന നിക്ഷേപ വർദ്ധന.<br>7. പബ്ളിക്-പ്രൈവറ്റ് പങ്കാളിത്തം. |
| (ബി) | അവയുടെ സാക്ഷാത്കാരം സാദ്ധ്യമാകാതിരുന്നതിൻെറ കാരണങ്ങൾ പരിശോധിക്കുകയുണ്ടായോ; | സംസ്ഥാനത്തിൻെറ സമഗ്ര വികസനം ലക്ഷ്യമിട്ട് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള സുപ്രധാന പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | കേരളത്തിലെ സാധാരണ ജനങ്ങളുടെ ജീവിതത്തിൽ പ്രഖ്യാപിത തന്ത്രങ്ങൾ എന്തെങ്കിലും സ്വാധീനം ചെലുത്തിയിട്ടുണ്ടോ; | സപ്ത തന്ത്രങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പുവർഷം വിവിധ മേഖലകളിൽ പ്രത്യേകിച്ച് കാർഷിക മേഖലയിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് തുടക്കമിടാനും അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്താനും തൊഴിൽ വൈദഗ്ദ്യ വികസന പദ്ധതികൾ, സ്വയം സംരംഭക മിഷൻ എന്നിവയ്ക്ക് തുടക്കമിടാനും നൂതന സാങ്കേതിക വിദ്യകളുടെ സ്വാംശീകരണം, മൂലധന നിക്ഷേപ വർദ്ധന, പബ്ലിക്-പ്രൈവറ്റ് പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നതിലേക്കായി എമർജിംഗ് കേരള പോലെയുള്ള സംരഭങ്ങൾ വിജയകരമായി നടത്താനും സാധിച്ചിട്ടുണ്ട്. അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കാർഷികമേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കാനും അതുവഴി ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനും അത് സുസ്ഥിരമായി നിലനിർത്താൻ കഴിയുന്നതിലൂടെ പ്രതിസന്ധിയിലായിരുന്ന കാർഷിക മേഖലയ്ക്ക് പുത്തനുണർവ്വ് നൽകുവാൻ കഴിഞ്ഞു. മുടങ്ങിക്കിടന്ന പല വൻകിട പദ്ധതികളുടെയും നിർവ്വഹണം ഊർജ്ജിതമാക്കുന്നതിന് സ്വീകരിച്ച ക്രിയാത്മക നടപടികൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. |

| | | |
|---|---|---|
| | | മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം, സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും തൊഴിൽ വൈദഗ്ദ്യം വ്യാവസായ സംരംഭ സൗഹൃദം എന്നിവ മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ ലഭ്യതയും വരുമാന ലഭ്യതയും ഉറപ്പുവരുത്തുന്നതിനും വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തേയ്ക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മാത്രവുമല്ല സാമൂഹ്യ സുരക്ഷാ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നുമുണ്ട്. സംസ്ഥാനത്തിന് ശോഭനവും സുരക്ഷിതവുമായ ഭാവി ഉറപ്പാക്കാനുതകുന്ന തരത്തിൽ വികസന സാമൂഹിക രംഗങ്ങളിൽ ഉണ്ടായിട്ടുള്ള ഈ ഗുണപരമായ ചലനാത്മകത സൂചിപ്പിക്കുന്നത് പ്രഖ്യാപിത തന്ത്രങ്ങളുടെ സ്വാധീനമാണ്. |
| (ഡി) | പുതിയ സപ്തതന്ത്രങ്ങൾക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ; വിശദമാക്കാമോ? | അതാതു കാലങ്ങളിൽ സംസ്ഥാനത്തിന്റെ വികസനത്തിനും സാമൂഹ്യ സുരക്ഷയ്ക്കും ഉതകുന്ന തന്ത്രങ്ങൾ സർക്കാർ രൂപം നൽകുന്നതാണ്. |

M. K. Sumathi (signature)

സെക്ഷൻ ഓഫീസർ